Item Code: 256 Participant Code: 020

വിഷയം: എനിക്ക് ഞാൻ അപരിചിതനായി.

# നിശാഗന്ധിയുടെ നിശ്വാസം

ഉമ്മറപ്പടിയിലെ വരാന്തമേൽ
കാൽ കേറ്റിയിരുന്നിട്ട് നേരമൊരുപാടായി.
മാസാന്തരങ്ങളിലെന്നെ തേടിയെത്താറുള്ള
കയ്പു ചുവയ്ക്കുന്ന ആർത്തവം
ഇന്നെന്നെ തേടി വന്നില്ല.

കോരിത്തരിക്കുന്ന ഉടലിന്റെ മറവിലായ്
എനിക്ക് കാണുവാൻ പാകത്തിലൊരു
ചോര ഇഴഞ്ഞു നീങ്ങിയത് രണ്ടുമാസം
മുൻപാണെന്നായിരുന്നെന്റെ ഓർമ
അതിപ്പോൾ ഞാൻ തിരുത്തിയിരിക്കുന്നു.

ആദിമ ഗീതം പാടി വന്നെന്റെ
കൈകളിൽ കിടന്നാ കുഞ്ഞാത്മാവ് പിടക്കുന്നു.
രാത്രിയുടെ യാമങ്ങളിലെന്റെ നാസാന്തരം
തുളച്ചുവന്ന് നിശ്വാസമെന്നിലേക്കമരുന്നു.
അവൻ തന്നെന്നറിയാം !
എനിക്കുപോലുമറിയാത്ത എന്നെക്കുറിച്ചാണവർ
പറഞ്ഞു കൊണ്ടിരിക്കുന്നത്

ഞാനൊന്നായവൾ. നക്ഷത്രങ്ങളിന്റെ. പാട്ടു
കളിൽ ഹാരം കണ്ടെത്തി

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ബി.എം.ഡബ്ല്യുവിലും പോർഷെയിലും
കറങ്ങുന്നൊരുത്തനെ കൂട്ടിനു കിട്ടു
വാൻ കാത്തിരുന്നു.
ബിസിനസ് ലേഡിയെന്ന സ്വപ്നമൊരു
മുഖമുദ്രയാക്കി വെച്ചിട്ട് കാമഭ്രാന്തന്റെ
പിടിയിലമർന്നു പോയി.

വസന്തത്തിന്റേയോ ഹേമന്തത്തിന്റെയോ
ഞാനിന്ന് തേടാറില്ല.
എന്നെ തേടിയവൻ വരാറുമില്ല.
എന്നിലെ കവിതകൾ മരിച്ചു
അവരറിഞ്ഞുകാണും.
ഭ്രാന്തിയാം ഞാനിന്നീ മുറിക്കുള്ളിൽ
നാലാം മാസത്തെ കണക്കെടുത്തല്ലോ.

എന്റെ കഥകളിൽ നിറയുന്ന യക്ഷികളുമാ
ർട്ടും മോഹനരൂപനും എവിടെയാണ്
എന്നിലെ ഞാനും മരിച്ചിരുന്നോ?
തലയിലൊരു ചുടല കത്തുന്ന ബീഭത്സ
രൂപി ഇന്നലെയെന്റെ ജനാലയ്ക്കൽ
വന്നിരുന്നു.
അവളുടെ കിന്നാരങ്ങളിൽ പോലും
ഞാൻ അടിമപ്പെടുന്നു.

64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 956 Participant Code: 820

പ്രണയാതുരമായി കിനിഞ്ഞെന്റെ
നിറവാർന്ന ഹൃദയതിന്
തീച്ചൂളയിൽ വെന്തിടുന്നു.
കീർത്തനം പാടുന്ന കുയിലുകളുക്കടെ
കിസ്മത്തിൻ കഥയിലെ കുമാരിയാ
വാനെനിക്ക് മോഹമേകുന്നു.

ഞാനെന്ന എന്നെ കുറിച്ചു ഞാൻ
വിലപിക്കവേ എന്നിലെ ഞാനായ്
ചാർത്താത്ത താലിമാല അഴിഞ്ഞിടുന്നു
കൊലക്കയർ കണക്കെ യെന്നെന്നെ
കൂട്ടിനായ് വിളിച്ചിടുന്നു.

വിളറിവെളുത്തതെൻ ചുണ്ടുകൾ
ചെഞ്ചായമണിയ ചുംബന ദാഹിയായി
കണ്ണുകൾ കാണുന്ന കനവുകൾ
കനിവില്ല കിനാവിനുദൂരത്തിലൊരു
ഭ്രൂണമായി. ഞാനൊരു ഉർസുലയായി മാറി.

എനിക്കറിയില്ല. എന്നെയെന്നും.
തിരയുന്നു! ഞാനാ പഴയ എന്നെ
എന്നും എന്റെ കവിതയാം കിളി
യെ നോക്കി ഞാൻ അലറിപ്പറഞ്ഞു.
അവിടെയെന്റെ സീമന്തരേഖയിൽ

ചാലിച്ച സിന്ദൂരമൊരു രക്തം
ഞങ്ങളെ പരന്നൊഴുകി.

കള്ളം പറയാത്ത കണ്ണാടി പോലുമിന്നെ
നിക്ക് രക്തം വമിക്കുന്ന ഭ്രാന്തിയെ
കാണിച്ചുതന്നു.

പണ്ടെനിക്കവൾ ഒരു മധുര പതി
നേഴു കാരിയെ കാണിച്ചു തന്നു.
പിന്നൊരിക്കൽ പ്രണയത്തിൻ
ആകൃതികളെ വെളിപ്പെടുത്തി
മദ്യത്തിൻ നിറവിങ്കലൊരു ഉന്മാദി
പരിണമിച്ചിന്നു ഞാൻ ഭ്രാന്തിയായി.

പ്രതികാരമെന്നോട് മുന്നേ
കളിയാടിരുന്നു
ഞാൻ നോക്കുമ്പോഴൊക്കെ
ഹൃദയരേഖകൾ പലദിക്കിലായിരുന്നു.
കണ്ണാടിയും പിന്നെ കാലവും ചതിച്ചു.

ഇന്നാകിലം സർവ്വമയം.
ചുറ്റിലും അപരിചിതം
ഭ്രാന്തു തികയുന്നിടത്ത് വെച്ചെന്റെ
ആത്മാവിൻ ജീവൻ അറുത്തുമാറ്റി
കാമഭ്രാന്തന്റെ ദാഹവും മാറ്റി.

Item Code: 956 Participant Code: 020.

എനിയും മധുരമായി പ്രണയിക്കും.
ഋതുക്കൾ കടന്നുവരും ഇലവരും
കായ് വരും പൂവരും.
എന്നിലെ ഞാനൊരപരിചിതയായി
നിലനിൽക്കും.

കൃഷ്ണന്റെ രാധയാവും
പരമശിവന്റെ പ്രണയമാവും
ദൈവത്തിന്റെ മർയമാവും
മുഹമ്മദിൻ ഖദീജയാവും
ഞാനാരാണെന്നുള്ള ചിന്തയിൽ
ലൈലക്ക് മജ്നുവാകും.

അവസാനമെൻ ആശങ്കകളെ കഴിയുമ്പോൾ
ബന്ധുക്കൾ അലമുറയിട്ടിടുമ്പോൾ
അപരിചിതയായ ഞാനാ മാഞ്ചോട്ടി
ലൂഞ്ഞാലാടിയ കയർത്തുമ്പിലായി തൂങ്ങിയാടും
അവിടെയൊരു നിശാഗന്ധി പൂത്തിടും
അതിലെന്റെ ആത്മാവ് നിറഞ്ഞിരിക്കും.
ആത്മാർപ്പണങ്ങളില്ലാതെ
ഉത്തരവാദിത്ത ചുമതലകളില്ലാതെ
ഞാൻ നിലാവിന് കൂട്ടായി നിറങ്ങൾക്ക്
നിശ്വാസമായി നിറഞ്ഞ് പൂക്കും.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).